# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :419          18.12.2014-ൽ മറുപടിയ്ക്ക്

**ഹാരിസൺ മലയാളം കമ്പനിയിൽ നിന്നും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന നടപടി.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.സാജു പോൾ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം കമ്പനിയിൽ നിന്നും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; | ആദ്യഘട്ടമായി കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുള്ള 29,185 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഒഴിഞ്ഞു തരുന്നതിലേക്കായി ഒരു മാസത്തെ സമയം ബഹു.ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം അനുവദിച്ചിട്ടുണ്ട്. WP(C)33122/2014 ആയി ഹാരിസൺ മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29,185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20.01.2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ സർക്കാർ ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; ഇത് എത്രയെന്ന് വെളിപ്പെടുത്താമോ; | പരിശോധിച്ചിട്ടുള്ള റിക്കാർഡുകൾ പ്രകാരം ആകെ 62,548 ഏക്കർ ഭൂമിയുണ്ട്. |
| (സി) | കമ്പനി വ്യാജരേഖ ചമച്ച് മറിച്ച വിറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ? | ഉണ്ട്. |

e. L. V. Kumar

സെക്ഷൻ ഓഫീസർ